**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4529** **06-03-2023 - ൽ മറുപടിയ്ക്ക്**

**കാർഷിക ഗ്രാമവികസന ബാങ്കിലെ തസ്തിക മാറ്റം മുഖേനയുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിലെ അസിസ്റ്റന്റ് തസ്തികയിൽ തസ്തിക മാറ്റം വഴി നിയമനം ലഭിക്കുന്നതിനുള്ള യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | നേരിട്ടുള്ള നിയമനത്തിനായി നീക്കിവെച്ചിട്ടുള്ള ഒഴിവുകളുടെ 50% തസ്തികകൾ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക ബാങ്കുകളിലെ ജീവനക്കാർക്കായി മാറ്റി വെച്ചിട്ടുണ്ട്. പ്രാഥമിക ബാങ്കുകളിൽ കുറഞ്ഞത് മൂന്ന് വർഷക്കാലം ഏതെങ്കിലും തസ്തികയിൽ തുടർച്ചയായി സേവനം അനുഷ്ഠിച്ച് വരുന്ന പ്രസ്തുത തസ്തികയിലെ നിയമനത്തിന് വേണ്ട യോഗ്യതകൾ ഉള്ള ജീവനക്കാർക്ക് ഇതിനായി അപേക്ഷിക്കാവുന്നതാണ്. ഇതിനായി വ്യവസ്ഥ ചെയ്തിട്ടുള്ള കാര്യങ്ങൾ ചുവടെ പറയുന്നവയാണ്.<br><br>1. പ്രസ്തുത തസ്തികയിലെ നേരിട്ടുള്ള നിയമനത്തിന് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത അപേക്ഷകന് ഉണ്ടായിരിക്കണം.<br>2. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കിൽ കുറഞ്ഞത് മൂന്ന് വർഷക്കാലം ഏതെങ്കിലും തസ്തികയിൽ തുടർച്ചയായി സേവനം അനുഷ്ഠിച്ചിരിക്കണം. ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാരൻ അപേക്ഷിക്കുന്ന തീയതിയിലും നിയമനം നടത്തുന്ന തീയതിയിലും പ്രസ്തുത പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കിൽ സേവനം അനുഷ്ഠിക്കുകയായിരിക്കണം.<br>3. അപേക്ഷകന്റെ പരമാവധി പ്രായപരിധി 50 വയസ്സ്. |
| (ബി) | പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളിലെ ജീവനക്കാർ സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിലെ അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തിക മാറ്റം വഴി | (ബി) | നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | നിയമിതരാകുമ്പോൾ അവരുടെ ദീർഘകാലത്തെ സേവനം കൂടി പരിഗണിച്ചുകൊണ്ട് നിലവിലുള്ള ശമ്പളം സംരക്ഷിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ